**File No.DT/363/2019-F3**

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, വികാസ് ഭവൻ -പി ഓ
തിരുവനന്തപുരം. 22-01-19

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-
പ്രൈവറ്റ് ഐ.ടി.ഐ.കളിലെ ട്രെയിനികൾക്കു വിദ്യാഭ്യാസ
ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1. 07.06.2018-ൽ ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന പ്രൈവറ്റ് ഐ.ടി.ഐ. ഭാരവാഹികളുടെ യോഗത്തിലെ നടപടികുറിപ്പുകൾ.

2. 06.10.2018 തീയതിയിലെ സി2/15307/2018(3) നമ്പരായ അനൗദ്യോഗിക കുറിപ്പ്.

* * * *

07.06.2018-ന് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ അംഗീകരിച്ച നടപടികുറിപ്പിലെ 6 ആം ഖണ്ഡികയിലെ പരാമർശ പ്രകാരം പ്രൈവറ്റ് ഐ.ടി.ഐ.കളിലെ SC/ST വിഭാഗത്തിൽ പെടുന്ന ട്രെയിനികൾക്കു സ്റ്റൈപ്പന്റ് ലഭിക്കുന്നത് സംബന്ധിച്ച വിവരം എല്ലാ പ്രൈവറ്റ് ഐ.ടി.ഐ.കളിൽ നിന്നും പ്രൊഫോർമ മുഖേന ലഭ്യമാക്കി, ആയതു ക്രോഡീകരിച്ച് സർക്കാരിന് നൽകുന്നതിനായി തീരുമാനിച്ചിരിക്കുന്നു.

ടി സാഹചര്യത്തിൽ, വകുപ്പിന് കീഴിലുള്ള എല്ലാ പ്രൈവറ്റ് ഐ.ടി.ഐ.കളിലും പഠിക്കുന്ന SC/ST വിഭാഗത്തിൽ പെടുന്ന ട്രെയിനികൾക്കു നിലവിൽ സ്റ്റൈപ്പന്റ് ലഭ്യമാകുന്നുണ്ടോയെന്നത് സംബന്ധിച്ചുള്ള വിവരം ഇതോടൊപ്പമുള്ള പ്രൊഫോർമ (1) പ്രകാരം ശേഖരിച്ച്, പ്രൊഫോർമ (2) ൽ ക്രോഡീകരിച്ച്, പ്രൊഫോർമ (2) മാത്രം 31.01.2019 തീയതിയ്ക്കകം എല്ലാ ജില്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്. സർക്കാരിന് മറുപടി നൽകേണ്ട വിഷയമായതിനാൽ എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി**

സ്വീകർത്താവ്

എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.
എല്ലാ സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും (വകുപ്പ് വെബ്സൈറ്റ് മുഖേന).

//അംഗീകാരത്തോടെ//

ജൂനിയർ സൂപ്രണ്ട്

## പ്രൊഫോർമ-2

| ക്രമ നമ്പർ | പ്രൈവറ്റ് ഐ.ടി.ഐ.യുടെ പേരും മേൽവിലാസവും | എം.ഐ.എസ് കോഡ് | പരിശീലനം നടത്തുന്ന ആകെ ട്രെയിനികൾ | പരിശീലനം നടത്തുന്ന ആകെ പട്ടികജാതി വിഭാഗത്തിലെ ട്രെയിനികൾ | പരിശീലനം നടത്തുന്ന ആകെ പട്ടികവർഗ വിഭാഗത്തിലെ ട്രെയിനികൾ | സ്റ്റൈപ്പന്റ് ലഭിച്ചുവരുന്ന ആകെ പട്ടികജാതി വിഭാഗത്തിലെ ട്രെയിനികൾ | സ്റ്റൈപ്പന്റ് ലഭിച്ചുവരുന്ന ആകെ പട്ടിക വർഗ്ഗ വിഭാഗത്തിലെ ട്രെയിനികൾ | സ്റ്റൈപന്റ് ലഭ്യമാകാത്ത ആകെ പട്ടികജാതി/ വർഗ്ഗ വിഭാഗത്തിലെ ട്രെയിനികൾ | സ്റ്റൈപന്റ് ലഭിക്കാത്ത കാരണം |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |

- സ്റ്റൈപന്റ് ലഭിക്കുന്നുണ്ടെങ്കിൽ അത് ഏതു സ്റ്റൈപ്പന്റ് എന്ന് വ്യക്തമാക്കേണ്ടതാണ്.

ജില്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ
പേര്, ഒപ്പ്